വ്യക്തിപരമായ വിശദീകരണം

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ബഹുമാന്യനായ എന്റെ സഹപ്രവർത്തകൻ ശ്രീ. അനിൽ അക്കര ഒരു കേസിനെക്കുറിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി. നിയമവ്യവസ്ഥയുടെയും കോടതിയുടെയും പരിഗണനയിലിരിക്കുന്ന ഒരു കേസിലെ ന്യായാന്യായങ്ങളും എന്റെ നിരപരാധിത്വത്തെക്കുറിച്ചൊന്നും സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. സഭയിൽ പതിവില്ലാത്ത ഒരു കാര്യം, ഒരു അംഗത്തെക്കുറിച്ച് മറ്റൊരു അംഗം കാര്യം മനസ്സിലാക്കാതെ, ബഹുമാന്യനായ പി. സി. ജോർജ് പറഞ്ഞതുപോലെ അദ്ദേഹം അന്വേഷിച്ചു. അതുപോലെ അന്വേഷിച്ച് മനസ്സിലാക്കുക അല്ലെങ്കിൽ എന്നോട് ചോദിക്കുക. ചോദിക്കാതെ ഇത്തരത്തിലൊരു പരാമർശം നടത്തരുത്. അതുമാത്രമല്ല, ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന അന്നുമുതൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെ കരിവാരിത്തേയ്ക്കാൻ കേരളത്തിലെ ചില മാധ്യമങ്ങൾ പരിശ്രമിച്ചു കൊണ്ടിരിക്കുകയാണ്. ഒന്നല്ലെങ്കിൽ മറ്റൊരു വിഷയം അവർ പറഞ്ഞുകൊണ്ടിരിക്കും. കഴിഞ്ഞ ദിവസം ശ്രീ. ഉമ്മൻ ചാണ്ടി സാറിനെക്കുറിച്ചും പ്രതിപക്ഷ നേതാവിനെക്കുറിച്ചുമൊക്കെ ഇങ്ങനെ പറഞ്ഞ് ആഘോഷിച്ചു കൊണ്ടിരിക്കുമ്പോഴാണ് ഒരു പുതിയ കഥയുമായി രംഗത്തുവരുന്നത്.

ബഹുമാന്യനായ കോൺഗ്രസ്സ് നേതാക്കളും യു.ഡി.എഫ്. നേതാക്കളും മനസ്സിലാക്കണം, ഞാൻ ചെങ്ങന്നൂരിൽ ഇലക്ഷൻ പ്രചരണത്തിൽ പങ്കെടുക്കുമ്പോൾ ബി.ജെ.പി.യുടെ ഒരു വാഹനത്തിൽ ഒരു മൈക്ക് അനൗൺസ്മെന്റ് കേട്ടു. ഐക്യജനാധിപത്യ മുന്നണി സ്ഥാനാർത്ഥിയായി മത്സരിക്കുന്ന ശ്രീധരൻപിള്ളയ്ക്ക് വോട്ട് ചെയ്യണം. അതിന്റെ ഫലമാണ് (.........ബഹളം............) ഞാൻ കേട്ടതാണ്, ഞാൻ പറയട്ടെ,

മി. ഡെപ്യൂട്ടി സ്പീക്കർ: .....പ്ലീസ്.... പ്ലീസ്..... ശ്രീ. ഗണേഷ് കുമാർ, വിഷയത്തെ കേന്ദ്രീകരിച്ച് സംസാരിക്കു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഞാൻ മുഴുവൻ പറയട്ടെ, ഇവിടെ എനിക്കെതിരെ സമരം ചെയ്യുന്നതിൽ എനിക്ക് വിരോധമില്ല. അതിന് അവർക്ക് അവകാശമുണ്ട്. പക്ഷെ, ആര് ആർക്കുവേണ്ടി സമരം ചെയ്യുന്നുവെന്ന് ആലോചിക്കണം. (....ബഹളം...) നമ്മൾ ചെയ്യാത്ത ഒരു കാര്യത്തിന് ഒരു അംഗത്തിനെ അധിക്ഷേപിക്കാൻ മറ്റുള്ളവർ ശ്രമിക്കുമ്പോൾ, നമ്മൾ ഒരു കാര്യം ഓർക്കണം 'ഇന്ന് ഞാൻ നാളെ നീ'. മാധ്യമങ്ങളുടെ സംസാരം കേൾക്കുമ്പോഴും അവതാരകരുടെ സംഭാഷണം കേൾക്കുമ്പോഴും എന്നോട് വ്യക്തിപരമായ വിരോധമുണ്ടെന്ന് നമുക്ക് മനസ്സിലാകും. ചില ആളുകളോട് വിരോധത്തോടും

വാശിയോടുമാണ് അവതാരകർ കാര്യങ്ങൾ അവതരിപ്പിക്കുന്നത്. ഒരു കാര്യം മനസ്സിലാക്കണം, 'ഇന്ന് ഞാൻ നാളെ നീ'. ഞാൻ കൂടുതലൊന്നും പറയുന്നില്ല.

അതിനെക്കുറിച്ച് സത്യവേദ പുസ്തകമായ ബൈബിളിൽ പറയുന്നുണ്ട്. സങ്കീർത്തനം 59-ൽ 5 മുതൽ 15 വരെ വായിക്കുമ്പോൾ ഇപ്പോൾ കേരളത്തിൽ എന്താണ് നടക്കുന്നതെന്ന് അറിയാം. 2000 വർഷങ്ങൾക്കുമുമ്പ് വേദ പുസ്തകത്തിൽ എഴുതിവച്ചത് ഇന്ന് കേരളത്തിൽ നടക്കുന്നുവെന്ന് നമുക്ക് മനസ്സിലാകും. ഞാൻ എന്നെ ന്യായീകരിക്കാൻ പറഞ്ഞതല്ല. ഒരു നിയമ സംവിധാനത്തിന്റെ മുന്നിൽ, കോടതിയുടെ മുമ്പിലിരിക്കുന്ന വിഷയമാണിത്. ഒരു കാര്യം എല്ലാവരും മനസ്സിലാക്കണം. എന്റെ നിരപരാധിത്വം തെളിയിക്കപ്പെടും. ആ ദിവസം എന്റെ സ്നേഹിതർ, എന്റെ സഹപ്രവർത്തകനെങ്കിലും പറഞ്ഞത് മാറ്റിപ്പറഞ്ഞാൽ മതിയെന്ന് മാത്രം എനിക്കൊരു അഭ്യർത്ഥനയുണ്ട്.